**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1953** **04-02-2026 - ൽ മറുപടിയ്ക്ക്**

**നെടുങ്കണ്ടം ജില്ലാ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം പച്ചടിയിൽ പണി കഴിപ്പിക്കുന്ന ജില്ലാ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | കെ. പി . തോമസ് ജില്ലാ സ്റ്റേഡിയം, നെടുങ്കണ്ടം (ജില്ലാ ഇൻഡോർ സ്റ്റേഡിയം)<br><br>കിഫ്ബി പദ്ധതിയിലുൾപ്പെട്ട ഇടുക്കി ജില്ലാ സ്റ്റേഡിയമായ കെ. പി. തോമസ് ജില്ലാ സ്റ്റേഡിയത്തിന്റെ പ്രവൃത്തിയ്ക്കായി 40 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് 33.78 കോടി രൂപയുടെ സാമ്പത്തികാനുമതി നല്കി. തുടർന്ന് 16.02.2020 തീയതിയിൽ 32.53 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുകയും M/s. വെസ്റ്റ് കൺസ്ട്രക്റ്റ് എന്ന സ്ഥാപനവുമായി 30.76 കോടി രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തു.<br><br>പ്രസ്തുത പദ്ധതിയിൽ 4 ബാസ്കറ്റ് ബോൾ കോർട്ടുകൾ (28 m x 15 m), 12 ബാഡ്മിന്റൺ കോർട്ടുകൾ (13.4 m x 6.1 m), 3 ഹാന്റ് ബോൾ കോർട്ടുകൾ (40 m x 20 m), 4 വോളീബോൾ കോർട്ടുകൾ (18 m x 9 m), ഉൾപ്പെടുത്തിക്കൊണ്ടുള്ള ഇൻഡോർ സ്റ്റേഡിയം, സൈറ്റ് ഡെവലപ്മെന്റ് പ്രവൃത്തികൾ, സമ്പ് & പമ്പ് റൂം, OHP, സെപ്റ്റിക് ടാങ്ക്, ബോർവെൽ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>നിലവിൽ ഇൻഡോർ സ്റ്റേഡിയത്തിന്റെ 90% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഇൻഡോർ സ്റ്റേഡിയത്തിന്റെ ശേഷിക്കുന്ന പ്രവൃത്തിയും (മേപ്പിൾവുഡ് ഫ്ളോറിംഗ് ഒഴികെ), സൈറ്റ് ഡെവലപ്പ്മെന്റ് പ്രവൃത്തിയിലെ റോഡിന്റെ നിർമ്മാണവും 2026 ഫെബ്രുവരി 20 നുള്ളിൽ പൂർത്തീകരിക്കുമെന്നാണ് എസ്.പി.വി.യായ M/s. കിറ്റ്കോ അറിയിച്ചിട്ടുള്ളത്. |
| (ബി) | സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കി 2026 ഫെബ്രുവരി മാസം സ്റ്റേഡിയം ഉദ്ഘാടനം നടത്തത്തക്ക നിലയിലുള്ള | (ബി) | കെ. പി . തോമസ് ജില്ലാ സ്റ്റേഡിയം, നെടുങ്കണ്ടം (ജില്ലാ ഇൻഡോർ സ്റ്റേഡിയം) |

| | | | |
|---|---|---|---|
| | ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | | കിഫ്ബി പദ്ധതിയിലുൾപ്പെട്ട ഇടുക്കി ജില്ലാ സ്റ്റേഡിയമായ കെ. പി. തോമസ് ജില്ലാ സ്റ്റേഡിയത്തിന്റെ പ്രവൃത്തിയ്ക്കായി 40 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് 33.78 കോടി രൂപയുടെ സാമ്പത്തികാനുമതി നല്കി. തുടർന്ന് 16.02.2020 തീയതിയിൽ 32.53 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുകയും M/s. വെസ്റ്റ് കൺസ്ട്രക്റ്റ് എന്ന സ്ഥാപനവുമായി 30.76 കോടി രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തു.<br><br>പ്രസ്തുത പദ്ധതിയിൽ 4 ബാസ്കറ്റ് ബോൾ കോർട്ടുകൾ (28 m x 15 m), 12 ബാഡ്മിന്റൺ കോർട്ടുകൾ (13.4 m x 6.1 m), 3 ഹാന്റ് ബോൾ കോർട്ടുകൾ (40 m x 20 m), 4 വോളീബോൾ കോർട്ടുകൾ (18 m x 9 m), ഉൾപ്പെടുത്തിക്കൊണ്ടുള്ള ഇൻഡോർ സ്റ്റേഡിയം, സൈറ്റ് ഡെവലപ്മെന്റ് പ്രവൃത്തികൾ, സമ്പ് & പമ്പ് റൂം, OHP, സെപ്റ്റിക് ടാങ്ക്, ബോർവെൽ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>നിലവിൽ ഇൻഡോർ സ്റ്റേഡിയത്തിന്റെ 90% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഇൻഡോർ സ്റ്റേഡിയത്തിന്റെ ശേഷിക്കുന്ന പ്രവൃത്തിയും (മേപ്പിൾവുഡ് ഫ്ളോറിംഗ് ഒഴികെ), സൈറ്റ് ഡെവലപ്പ്മെന്റ് പ്രവൃത്തിയിലെ റോഡിന്റെ നിർമ്മാണവും 2026 ഫെബ്രുവരി 20 നുള്ളിൽ പൂർത്തീകരിക്കുമെന്നാണ് എസ്.പി.വി.യായ M/s. കിറ്റ്കോ അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ